# യഥാർത്ഥ ദ്വിജൻ

‘ജന്മനാ ജായതെ ശൂദ്രഃ
കർമ്മണാ ജായതെ ദ്വിജഃ
വേദാദ്ധ്യാനേ വിപ്രത്വം
ബ്രഹ്മജ്ഞാനേന ബ്രാഹ്മണഃ’

അർത്ഥം: ‘ജനനംകൊണ്ട് ഒരുവൻ ശൂദ്രനായി (താണ ജാതിക്കാരനായി) ജനിക്കുന്നു; കർമ്മംകൊണ്ടു ദ്വിജനായി ത്തീരുന്നു; വേദാദ്ധ്യയനംമൂലം വിപ്രത്വം ലഭിക്കുന്നു; ബ്രഹ്മജ്ഞാനം നേടുന്നതിലൂടെ അഥവാ പരബ്രഹ്മത്തെ ക്കുറിച്ചുള്ള പരിജ്ഞാനത്താൽ ബ്രാഹ്മണനായിത്തീ രുന്നു.’

‘ദ്വിജൻ,’ ‘വിപ്രൻ’ ഇവയുടെ അർത്ഥം ബ്രാഹ്മണൻ എന്നുതന്നെയാണ്; അതിപ്രാചീനകാലത്തു ജീവിച്ചിരുന്ന ഏതോ ഋഷിവര്യന്റെ നാവിൽനിന്നുതിർന്ന ഈ ശ്ലോക ത്തിന്റെ അർത്ഥമനുസരിച്ച് ഒരുവൻ ബ്രാഹ്മണവംശത്തിൽ പിറന്നാലും അവൻ ശൂദ്രനായിട്ടാണു ജനിക്കുന്നത്; വേദം പഠിച്ചു ബ്രഹ്മജ്ഞാനം അഥവാ ഈശ്വരനിൽനിന്നുള്ള ജ്ഞാനം സമ്പാദിച്ചു തത്ഫലമായുണ്ടാകുന്ന ഹൃദയമാറ്റം കർമ്മത്തിൽ (പ്രവൃത്തികളിൽ) കാണപ്പെട്ടു തുടങ്ങു മ്പോഴാണ് അവൻ ദ്വിജൻ (ബ്രാഹ്മണൻ) ആയിത്തീർന്നി രിക്കുന്നുവെന്നു പരിഗണിക്കപ്പെടുന്നത്; ‘ദ്വിജൻ’ എന്ന വാക്കിനു രണ്ടാമതു ജനിച്ചവൻ എന്നാണർത്ഥം. [‘ദ്വിജം’ എന്ന പദം ‘പക്ഷി’യുടെ പര്യായമായിരിക്കുന്നതിന്റെ കാരണം പക്ഷി ഒന്നാമത് തള്ളപ്പക്ഷിയിൽനിന്നു മുട്ട യായും രണ്ടാമത് മുട്ടയിൽനിന്ന് പക്ഷിക്കുഞ്ഞായും അങ്ങനെ അത് രണ്ടു തവണ ജനിക്കുന്നു എന്നുള്ള താണ്.] ശാരീരിക ജനനംമൂലം ഒരുവൻ ഏതു വംശക്കാ

രനായാലും ഈശ്വരന്റെ ദൃഷ്ടിയിൽ ശൂദ്രനായിട്ടാണ് (തീരെ താണ ആത്മികാവസ്ഥയിലാണ്) ഇരിക്കുന്നത്. അവൻ ഈശ്വരനിൽനിന്നു ജനനം പ്രാപിച്ച് അതു കർമ്മത്തിൽ പ്രാവർത്തികമാക്കിത്തുടങ്ങുമ്പോൾ അവനിൽ ഒരു പുതിയ സ്വഭാവം പ്രകടമാകുന്നു; പന്നിക്കു ചീത്ത വസ്തുക്കളോടുള്ള താത്പര്യം അതിന്റെ ജന്മംമൂലമാണു കിട്ടുന്നത്; ആട്ടിൻകുട്ടിക്ക് ഇലകൾമാത്രം തിന്നുന്ന സ്വഭാവം ലഭിക്കുന്നത് ആടായി അതു ജനിക്കുന്നതുമൂലമാണ്. പന്നിക്കുട്ടിക്ക് ആടിന്റെ സ്വഭാവം കിട്ടണമെങ്കിൽ അതിന് ആട്ടിൻകുട്ടിയുടെ പുതിയ ഒരു ജന്മം ലഭിക്കണം. ഇതുപോലെ തന്നെ നികൃഷ്ടമായ ആത്മികാവസ്ഥയിലിരിക്കുന്ന ഒരു മനുഷ്യന് ഈശ്വരേച്ഛപ്രകാരമുള്ള പുതിയ ഒരു സ്വഭാവം ലഭിക്കണമെങ്കിൽ ദൈവത്തിൽനിന്നു പുതുതായി ജനിക്കുന്ന ഒരനുഭവം അവനുണ്ടാകണമെന്നും അങ്ങനെ ഉണ്ടായിക്കഴിഞ്ഞാൽ മാത്രമേ അവനെ ദ്വിജൻ (രണ്ടാമതു ജനിച്ചവൻ) അഥവാ ബ്രഹ്മജ്ഞാനം ലഭിച്ച ബ്രാഹ്മണൻ എന്നു വിളിക്കാൻ പാടുള്ളൂ എന്നുമാണു മേലുദ്ധരിച്ച മഹദ്വാക്യത്തിന്റെ ആശയം.

## പാപമെന്ന യാഥാർത്ഥ്യം

ഇന്നത്തെ ലോകത്തിൽ പാപമുണ്ടെന്നുള്ളതും മനുഷ്യൻ പാപപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നുവെന്നതും എല്ലാവരും സമ്മതിക്കുന്ന യാഥാർത്ഥ്യങ്ങളാണ്. അനേകം ആളുകൾ മോഷണം, കവർച്ച, കൊലപാതകം മുതലായ കുറ്റകൃത്യങ്ങൾ ചെയ്യുന്നതും ബലം കുറഞ്ഞവരെ ബലമുള്ളവർ പലതരത്തിൽ പീഡിപ്പിക്കുന്നതും ഭരണാധികാരം ലഭിക്കുന്ന രാഷ്ട്രീയ നേതാക്കന്മാരിൽ പലരും അഴിമതിവീരന്മാരായിത്തീരുന്നതും വളരെ ഉയർന്ന ശമ്പളം കിട്ടിയിട്ടും സർക്കാർ ആശുപത്രികളിലെ മികച്ച ഡോക്ടർമാരിൽ പലരും ചികിത്സ ചെയ്യുന്ന രോഗികളിൽനിന്നു രഹസ്യമായി പണം വാങ്ങുന്നതും ഇഷ്ടപ്പെട്ട സ്ഥലത്തേക്കുള്ള പോസ്റ്റിംഗിനായി രാഷ്ട്രീയ സ്വാധീനവും അധികാരവുമുള്ളവർക്ക് ഇവർ വൻതുകകൾ

കൊടുക്കേണ്ടിവരുന്നതും നിയമപാലനം ഉറപ്പുവരുത്താൻ ചുമതലപ്പെട്ട പോലീസുദ്യോഗസ്ഥന്മാരിൽ ചിലരെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരും കുറ്റവാളികളെ രക്ഷപ്പെടാൻ സഹായിക്കുന്നവരും നിർദ്ദോഷികളെ കേസിൽ കുടുക്കുന്നവരുമായി കാണപ്പെടുന്നതും എല്ലാം മനുഷ്യനിലുള്ള പാപസ്വഭാവത്തിന്റെ തെളിവുകളാണ്. മനുഷ്യഹൃദയം പാപത്തിന്റെ വാഴ്ചയിൻ കീഴിലായതുകൊണ്ടാണ് മനുഷ്യർ ഈ വിധത്തിലുള്ള എണ്ണമറ്റ അധർമ്മങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. മനുഷ്യനിൽ കാണപ്പെടുന്ന പാപസ്വഭാവത്തിന്റെ ഉത്ഭവത്തെപ്പറ്റി അഭിപ്രായവ്യത്യാസങ്ങളുണ്ട്; ഏതായാലും നമുക്കു കാണാൻ കഴിയുന്ന അതിന്റെ ഫലത്തെ സംബന്ധിച്ചിടത്തോളം അഭിപ്രായവ്യത്യാസമുണ്ടാകേണ്ട കാര്യമില്ല; അന്തിമവിശകലനത്തിൽ അതു മനുഷ്യൻ തന്നോടുതന്നെ ദോഷം ചെയ്യുന്ന സ്വഭാവമായിട്ടാണിരിക്കുന്നത്. സ്വയം ദോഷം ചെയ്യുന്ന ഈ സ്വഭാവം എപ്പോൾ, എങ്ങനെ, എന്തുകൊണ്ടു മനുഷ്യനിൽ ഉണ്ടായി എന്നതു നാം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇതിനായി നാം ആശ്രയിക്കേണ്ടത് ദൈവവചനമായ ബൈബിളിനെത്തന്നെയാണ്.

പാപം ചെയ്യുന്നതിന്റെ ഫലമായി മനുഷ്യൻ പാപിയായിത്തീരുന്നു എന്നു പൊതുവേ പറയാറുണ്ട്; ഒരർത്ഥത്തിൽ ഇങ്ങനെ പറയുന്നതു ശരിയാണ്; എന്നാൽ വാസ്തവത്തിൽ ഇങ്ങനെ പറയുന്നതല്ല ശരി; കാന്തശക്തിയുള്ള ഒരു ഇരുമ്പു കഷണത്തിന്റെ അടുത്ത് ഒരു മൊട്ടുസൂചി വച്ചാൽ കാന്തം ആ മൊട്ടുസൂചിയെ അതിന്മേലേക്കു വലിച്ചടുപ്പിക്കുന്നു; മൊട്ടുസൂചിയെ ആകർഷിച്ചതിന്റെ ഫലമായി ഇരുമ്പുകഷണം കാന്തമായിത്തീർന്നതല്ല, പിന്നെയോ ഇരുമ്പുകഷണം കാന്തമായതിനാൽ അതു മൊട്ടുസൂചിയെ ആകർഷിച്ചതാണ്; അവസരം കിട്ടിയപ്പോൾ അതിന്റെ കാന്തശക്തി അതു പ്രകടിപ്പിച്ചെന്നേയുള്ളൂ; ഇതുപോലെ തന്നെ, മനുഷ്യൻ പാപിയായതുകൊണ്ടും പാപത്തിന്റെ വാഴ്ചയ്ക്ക് അവന്റെ ഹൃദയം

വിധേയപ്പെട്ടിരിക്കുന്നതുകൊണ്ടുമാണ് അവൻ പാപപ്രവൃത്തികൾ ചെയ്യുന്നത്; പാപസ്വഭാവം അവനിൽ വസിക്കുന്നതിനാൽ ദൈവം നൽകിയിരിക്കുന്ന മനഃസാക്ഷിയുടെ പ്രേരണ അവഗണിച്ചുകൊണ്ടു പലപ്പോഴും അവൻ പാപം ചെയ്യുന്നു; അങ്ങനെ പാപപ്രവൃത്തികളിലൂടെ താൻ പാപിയാണെന്ന (പാപത്തിനധീനനാണെന്ന) സത്യം ഓരോ മനുഷ്യനും പ്രഖ്യാപിച്ചുകൊണ്ടാണിരിക്കുന്നത്. പാപം ചെയ്തു കഴിയുമ്പോൾ മാത്രമാണു മനുഷ്യൻ പാപിയായിത്തീരുന്നത് എന്നു പറയുന്നത് ഒട്ടും യുക്തിക്കു നിരക്കുന്ന ചിന്താഗതിയല്ല; മാനിനെ പിടിച്ചു തിന്നുകഴിയുമ്പോഴാണു കടുവ മാംസഭുക്കായിത്തീരുന്നത്, മാനിനെ തിന്നുന്നതു വരെ അതു മാംസഭുക്കല്ല എന്നു പറഞ്ഞാൽ അതു ശരിയാകുമോ? കടുവ മാംസഭുക്കായതുകൊണ്ടാണ് അതു മാനിനെ പിടിച്ചത് എന്നല്ലേ നാം പറയുക? അങ്ങനെയെങ്കിൽ പാപം ചെയ്തു കഴിയുമ്പോഴല്ല മനുഷ്യൻ പാപിയായിത്തീരുന്നത്; അവൻ പാപിയായതുകൊണ്ടു പാപപ്രവൃത്തികൾ ചെയ്യുന്നു എന്നല്ലേ നാം പറയേണ്ടത്? അങ്ങനെ പറയുന്നതാണു ശരിയായിട്ടുള്ളത്. പാപപ്രവൃത്തി ചെയ്യുമ്പോൾ മാത്രമേ പാപസ്വഭാവം വെളിപ്പെടുന്നുള്ളൂ എന്നതു ശരിയാണ്; എന്നാൽ പ്രവൃത്തിയിലൂടെ വെളിപ്പെടുന്നതിനുമുമ്പു പാപസ്വഭാവം ഹൃദയത്തിലുണ്ട്; പുറമേ കാണപ്പെടുന്നില്ലെന്നേയുള്ളൂ. അതിനാൽ പാപസ്വഭാവമുള്ളവൻ എന്ന അർത്ഥത്തിൽ, ഏതു മനുഷ്യനും ജനിക്കുന്നതു പാപിയായിട്ടാണ് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു; അതാണു സത്യം. ഈ അർത്ഥത്തിലാണു മനുഷ്യവർഗ്ഗം മുഴുവൻ പാപത്തിനധീനരാണ് (പാപികളാണ്) എന്നു ദൈവവചനത്തിൽ (ബൈബിളിൽ) പറഞ്ഞിരിക്കുന്നത്.

ഞാൻ ഒരു പാപവും ചെയ്യുന്നില്ല; ഞാൻ പാപിയല്ല എന്നു ചിലർ പറയുന്നുണ്ട്. നമ്മുടെ കൈ സോപ്പു പുരട്ടാതെ വെള്ളത്തിൽ കഴുകിയശേഷം അതിന്മേൽ ചെളിയുണ്ടോ എന്ന് ആരോടെങ്കിലും ചോദിച്ചാൽ ഇല്ല എന്ന

ഉത്തരമാണ് കിട്ടുക; ഈ ഉത്തരം തരുന്നയാളിനെക്കൊണ്ടു തന്നെ നല്ല ഒരു സൂക്ഷ്മദർശിനിയിലൂടെ നമ്മുടെ കയ്യി ലേക്കു നോക്കിച്ചാൽ അയാളെന്തു പറയും? ചെളി ഇന്നി ന്നിടത്തു ഞാൻ കാണുന്നു എന്നു അയാൾ തീർച്ചയായും പറയും; നഗ്നനേത്രങ്ങൾകൊണ്ടു കാണാൻ പാടില്ലാത്ത ചെളി സൂക്ഷ്മദർശിനിയിലൂടെ നോക്കുമ്പോൾ കാണാൻ സാധിക്കുന്നു. നമ്മുടെ ദൃഷ്ടിയിൽ നാം പാപികളല്ലായി രിക്കാം; എന്നാൽ ഹൃദയത്തിലെ വിചാരങ്ങൾപോലുമറി യുന്ന ദൈവം സമ്പൂർണ്ണ വിശുദ്ധിയാകുന്ന തന്റെ സൂക്ഷ്മ ദർശിനിയിലൂടെ നോക്കുമ്പോൾ നാമെല്ലാവരും പാപിക ളാണെന്നു മാത്രമേ കാണുകയുള്ളൂ. പാപത്തിന്റെ ആധി പത്യത്തിൻ കീഴിലാണു സകല മനുഷ്യരും ഇരിക്കുന്ന തെന്നു ദൈവവചനം പറയുന്നു. നാമേവരുടെയും ഹൃദയ ത്തിലെ വിചാരങ്ങളും നാവിൽ നിന്നു വരുന്ന വാക്കുകളും നമ്മുടെ പ്രവൃത്തികളും സൂക്ഷ്മമായി പരിശോധിക്കു മ്പോൾ ഇതു സത്യം തന്നെയെന്നു സമ്മതിക്കേണ്ടതായി വരും."എനിക്കു യാതൊരു കുറ്റത്തെക്കുറിച്ചും ബോധ മില്ലെങ്കിലും അതിനാൽ ഞാൻ നീതിമാൻ (പാപമില്ലാത്ത വൻ) എന്നു വരികയില്ല" (1 കൊരിന്ത്യർ 4:4) എന്നും "ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവ തേജസ്സ് ഇല്ലാത്തവരായിത്തീർന്നു" (റോമർ 3:23) എന്നും ബൈബിളിൽ പറഞ്ഞിരിക്കുന്നത് തികച്ചും സത്യമാണെ ന്നതിനു സംശയമില്ല. മനുഷ്യഹൃദയത്തിന്മേലുള്ള പാപ ത്തിന്റെ ആധിപത്യത്തെക്കുറിച്ചു പ്രാചീനഭാരതത്തിൽ ജീവിച്ചിരുന്ന ഋഷിമാരുടെ ധാരണയും ബൈബിളിലെ ആശയവും വിശദാംശങ്ങളിൽ ഒരുപോലെയല്ലെങ്കിലും പാപത്തെ ഒരുതരം ബന്ധനമെന്ന നിലയിൽ അവരും കണ്ടിരുന്നു എന്നതു സത്യമാണ്.

"വിമച്ഛ്റഥായ രശനാമിവാഗ
ഋധ്യാമതേ വരുണഖാ മൃതസ്യ
മാതന്തു ശ്ഛേദിവയതോ ധിയംമേ
മാമാത്രാ ശാർയ്യപസഃ പുരഋതോ"

എന്ന് ഋഗ്വേദത്തിൽ കാണുന്ന പ്രാർത്ഥനയുടെ 'അർത്ഥം, "അല്ലയോ വരുണാ, എങ്കൽ ഒരു കയറിനെപ്പോലെ കിടക്കുന്ന പാപത്തെ കഷണം കഷണമായി മുറിച്ചാലും; അതിന്റെ കെട്ടിൽനിന്ന് (എന്നെ) മോചിപ്പിച്ചാലും" എന്നാണ്. ഈ പ്രാർത്ഥനയിൽ പാപത്തെ ചിത്രീകരിച്ചിരിക്കുന്നത് മനുഷ്യഹൃദയത്തിന്മേലുള്ള ബന്ധനമായിട്ടാണ്. പാപത്തെക്കുറിച്ചുള്ള ബൈബിളിലെ ആശയത്തോടു (റോമർ 7:15-24) യോജിപ്പ് പ്രകടിപ്പിക്കുന്ന ദാർശനികന്മാർ വൈദികകാലത്തു ഭാരതത്തിൽ ജീവിച്ചിരുന്നുവെന്നാണ് ഇതു തെളിയിക്കുന്നത്. ചുരുക്കത്തിൽ ദൈവവചനവും സാമാന്യബുദ്ധിയും ഒരു പരിധിവരെ ദാർശനികചിന്തയും നമ്മോടു പറയുന്നത് മനുഷ്യഹൃദയം പാപത്തിന് അടിമപ്പെട്ടിരിക്കുന്നുവെന്നും പാപത്തിന്റെ ആധിപത്യത്തിൻ കീഴിലാണു മനുഷ്യൻ ജനിക്കുന്നതെന്നും പാപിയായതുകൊണ്ടാണു പാപപ്രവൃത്തികൾ അവൻ ചെയ്തു പോകുന്നതെന്നുമാണ്. ഈ യാഥാർത്ഥ്യം നാം കണക്കിലെടുക്കുമ്പോൾ നമുക്കു തന്നെ ദോഷം ചെയ്യുന്ന തിന്മയുടെ ശക്തി നമ്മുടെ ഹൃദയങ്ങളിൽ വാഴ്ച നടത്തുന്ന അവസ്ഥ എങ്ങനെയുണ്ടായി, അഥവാ പാപത്തിന്റെ ഉത്ഭവം എങ്ങനെയാണ് എന്നു മനസ്സിലാക്കേണ്ടതാവശ്യമായിത്തീരുന്നു.

## പാപത്തിന്റെ ഉത്ഭവം

സകല മനുഷ്യരിലും കാണപ്പെടുന്ന പാപസ്വഭാവത്തിന്റെ ഉത്ഭവത്തെപ്പറ്റി ദൈവവചനം പറയുന്നത്; "ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു" (റോമർ 5:12) എന്നാണ്. ആദിമനുഷ്യനായ ആദാമിനെ സൃഷ്ടിച്ചശേഷം ദൈവം അവനെ സുഖസമൃദ്ധിയുടെ കേദാരമായിരുന്ന ഏദനിൽ പാർപ്പിച്ചു; അവന് ഒരു ഭാര്യയെയും (ഹവ്വ) സൃഷ്ടിച്ചു നൽകി; ഇക്കാര്യങ്ങൾ ബൈബിളിന്റെ ആദ്യപുസ്തകമായ ഉല്പത്തി

---

1. ഋഗ്വേദം ഭാഷാഭാഷ്യം by O. M.C. Narayanan Namboothiripad. Vol. II. P. 950. Published by Vadakke Madham Brahmaswom, Thrissur-1, July 1982

രണ്ടാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നു; ഭൂമിയിലുള്ള സകലത്തിന്മേലും വാഴുവാനധികാരമുള്ള, സർവ്വ ഭൂമിയുടെയും അധിപതിയായിട്ടാണു ദൈവം ആദാമിനെ അവിടെ താമസിപ്പിച്ചത്. തന്റെ സ്രഷ്ടാവും പിതാവും ദൈവമാണെന്നു മനസ്സിലാക്കി ആ ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യാനുള്ള ചുമതല ആദാമിനുണ്ടായിരുന്നു; എന്നാൽ ചിന്തിക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യത്തോടുകൂടെ മനുഷ്യനെ ദൈവം സൃഷ്ടിച്ചതിനാൽ, തന്നെ അനുസരിക്കുന്നതിനും അനുസരിക്കാതിരിക്കുന്നതിനുമുള്ള കഴിവ് അവനു നൽകേണ്ടതാവശ്യമായിരുന്നു. ചിന്തിച്ചു സ്വന്തമായ തീരുമാനങ്ങളെടുക്കാൻ കഴിവില്ലാത്ത ഒരു യന്ത്രത്തെപ്പോലെ മനുഷ്യൻ ആയിരിക്കുവാൻ ദൈവം ആഗ്രഹിച്ചില്ല. അതിനാൽ തോട്ടത്തിലുള്ള സകല വൃക്ഷങ്ങളുടെയും ഫലം തിന്നാം; അതിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം മാത്രം തിന്നരുത് എന്നു ദൈവം അവനു കല്പന നൽകി. ആദാമിനും ഹവ്വയ്ക്കും വാസ്തവത്തിൽ ആവശ്യമായിരുന്നതിന്റെ അനേക മടങ്ങ് ആഹാരം തോട്ടത്തിലെ മറ്റു വൃക്ഷങ്ങളിൽനിന്നു ലഭ്യമായിരുന്നു. ദൈവത്തിന്റെ കല്പന ആദാം ലംഘിച്ചതായി ഉല്പത്തി 3-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. മനുഷ്യന്റെയും ദൈവത്തിന്റെയും ശത്രുവും തിന്മയുടെ ഉറവിടവുമായ സാത്താൻ ആദാമിന്റെ ഭാര്യയായ ഹവ്വയെ വശീകരിച്ച്, തിന്നരുതെന്നു ദൈവം കല്പിച്ചിരുന്ന വൃക്ഷത്തിന്റെ ഫലം അവർ രണ്ടുപേരും തിന്നാൻ ഇടവരുത്തി (ഉല്പത്തി 3:1-6). അങ്ങനെ ആദാം തന്റെ പിതാവായ ദൈവത്തെ ധിക്കരിക്കയും അതേ സമയം തന്റെ ശത്രുവിനെ അനുസരിക്കയും ചെയ്തു. തന്റെ ചിന്താസ്വാതന്ത്ര്യത്തെയും പ്രവർത്തനസ്വാതന്ത്ര്യത്തെയും ബഹുമാനിച്ചിരുന്ന ദൈവത്തിനു തന്റെമേൽ ഉണ്ടായിരുന്ന അധികാരം എടുത്തുമാറ്റി അത് തന്നെ അടിമയാക്കാനാഗ്രഹിച്ച സാത്താനു നൽകി. ഭൂമിമേൽ വാഴുന്നതിനുള്ള അധികാരം ദൈവത്തിൽനിന്നു ലഭിച്ചിരുന്ന ആദാമിനെ തന്റെ അടിമയാക്കിയതുമൂലം സാത്താൻ ഈ

ഭൂമിയുടെ അധിപതിയായിത്തീർന്നു. പാപത്തിന്റെ വാഴ്ച ലോകത്തിൽ ഇപ്രകാരമാണ് ആരംഭിച്ചതെന്നു ദൈവ വചനം വ്യക്തമാക്കുന്നു. സകല മനുഷ്യരും ആദാമിന്റെ സന്തതികളായതിനാൽ പാപത്തിന്റെ ആധിപത്യം എല്ലാ വരിലും കാണപ്പെടുന്നു; ഒരു കുടുംബനാഥൻ അയാളുടെ നല്ല വീടു വിറ്റിട്ടു മോശമായ മറ്റൊരു വീടു വാങ്ങിയാൽ അയാൾക്കും മക്കൾക്കും ആ മോശമായ വീടിന്മേൽ മാത്ര മാണ് അധികാരമുണ്ടായിരിക്കുക. പഴയ നല്ല വീടിന്മേൽ അധികാരമുണ്ടായിരിക്കുകയില്ല. അതുപോലെ മനുഷ്യ വർഗ്ഗമാകുന്ന കുടുംബത്തിന്റെ നാഥനായ ആദാം തനി ക്കുണ്ടായിരുന്ന ദൈവികസ്വാതന്ത്ര്യം വിറ്റുകളയുകയും സാത്താന്റെ അടിമത്തം വാങ്ങുകയും ചെയ്തതിനാൽ താനും തന്റെ കുടുംബം (മനുഷ്യവർഗ്ഗം) മുഴുവനും പാപ ത്തിനടിമകളായിത്തീർന്നു. ഇക്കാരണത്താലാണു പാപ സ്വഭാവം ലോകത്തിലുള്ള സകല മനുഷ്യരിലും ജാതി മതദേശഭാഷാവ്യത്യാസങ്ങളൊന്നുമില്ലാതെ ഒരുപോലെ കാണപ്പെടുന്നത്. [പാപത്തിന്റെ ഉത്ഭവവും അതിന്റെ അനന്തര ഫലങ്ങളും ബൈബിളിൽ വിവരിച്ചിരിക്കുന്നതു പോലെ ഇത്രയും വ്യക്തമായി മറ്റു യാതൊരു ഗ്രന്ഥ ത്തിലും വിവരിക്കപ്പെട്ടു കാണുന്നില്ല].

## പാപപരിഹാരം

പാപപരിഹാരം ലഭിക്കണമെന്ന ആഗ്രഹം സകല മനു ഷ്യരുടെയും ഹൃദയത്തിന്റെ ഉള്ളിലുണ്ട്; അതു നിമിത്ത മാണ് രക്ഷാമാർഗ്ഗമെന്നു ചിന്തിച്ചുകൊണ്ട് അവർ പലതും ചെയ്യുന്നത്. എന്നാൽ ഈശ്വരൻ തന്റെ വചനത്തിലൂടെ നമുക്കു വെളിപ്പെടുത്തിത്തന്നിട്ടുള്ളതെന്താണോ അതു മാത്രമാണ് യഥാർത്ഥത്തിലുള്ള പാപപരിഹാരമാർഗ്ഗം. ഒരു വൻ ആ മാർഗ്ഗം സ്വീകരിക്കുമ്പോൾ പാപമോചനം ലഭിച്ചു ദൈവത്തിൽനിന്നു ജനിച്ച യഥാർത്ഥ ദ്വിജനായി രൂപാ ന്തരപ്പെടുന്നു. മഹർഷിമാർ വിഭാവനം ചെയ്ത രണ്ടാം ജനനത്തെക്കുറിച്ചും പാപമോചനത്തെക്കുറിച്ചുമുള്ള യഥാർത്ഥ സത്യങ്ങൾ ദൈവവചനമായ ബൈബിളാണ്

നമുക്കു വെളിപ്പെടുത്തിത്തരുന്നത്. “പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല” (യോഹന്നാൻ 3:3) എന്നും വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല (യോഹന്നാൻ 3:5) എന്നുമാണ് യേശുക്രിസ്തു അരുളിച്ചെയ്തത്. [വെള്ളം എന്ന പദം കൊണ്ടുദ്ദേശിക്കപ്പെടുന്നതു പാപം കഴുകിക്കളഞ്ഞ് ആത്മാവിനെ ശുദ്ധീകരിക്കുന്ന ദൈവവചനമാണെന്നു മറ്റു വേദഭാഗങ്ങളിൽനിന്നു നമുക്കു മനസ്സിലാക്കാം.] എങ്ങനെയാണ് ദൈവവചനത്താലും ദൈവാത്മാവിനാലും രണ്ടാമതു ജനിച്ച്, ഒരു ദ്വിജനായി ഒരാൾക്കു രൂപാന്തരപ്പെടാൻ കഴിയുന്നതെന്നു നമുക്ക് ഇനി പരിശോധിക്കാം.

പാപത്തിന്റെ ശിക്ഷ നിത്യമായ ആത്മികമരണം അഥവാ നരകശിക്ഷയാണെന്നു ദൈവവചനം വ്യക്തമായി പറയുന്നു (റോമർ 6:23, വെളിപ്പാട് 20:11-15); പാപപരിഹാരത്തിനുള്ള ഏകമാർഗ്ഗം പാപമില്ലാത്ത ഒരു മനുഷ്യൻ നമ്മുടെ പാപത്തിന്റെ ശിക്ഷയായ മരണം നമുക്കു പകരമായി സഹിക്കുകയാണെന്നും വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു (റോമർ 5:8-10). സകല മാനവരാശിയുടെയും പാപപരിഹാരാർത്ഥം നടത്തപ്പെടുന്ന, പാപമില്ലാത്ത ആ മനുഷ്യന്റെ യാഗത്തെക്കുറിച്ചു പ്രാചീന ഭാരതത്തിലെ ദാർശനികന്മാരായ മഹർഷിമാർക്ക് അവ്യക്തമായ ചില ധാരണകളുണ്ടായിരുന്നു. അതുകൊണ്ടാണ്, വൈദിക കാലത്തെ യാഗങ്ങളുടെ പ്രധാന ഉദ്ദേശ്യം പാപപരിഹാരം അല്ലായിരുന്നു എങ്കിലും

യജ്ഞോ വൈ സുതമാം നൗഃ
തയാ സ്വർഗ്ഗം ലോകം അഭിസന്തരതി

(യാഗം നല്ല തോണിയാകുന്നു; അതുമൂലം മനുഷ്യൻ ഈ ലോകത്തിൽനിന്നു സ്വർലോകത്തെത്തിച്ചേരുന്നു) എന്ന് ഋക്ക് - ഐത്തരീയബ്രാഹ്മണത്തിൽ[2] പറഞ്ഞിട്ടുള്ളത്. യാഗംമൂലമാണ് ദൈവമുമ്പാകെ നീതീകരണം പ്രാപിക്കേണ്ടത് എന്ന ബൈബിൾ പഴയനിയമത്തിലെ

ആശയമാണ് ഈ വാക്കുകളിലുള്ളത്. ബൈബിളിന്റെ പഴയനിയമത്തിൽ വിവരിച്ചിട്ടുള്ളതും ഭാരതീയവേദങ്ങളിൽ കുറച്ചു വ്യത്യസ്തമായ നിലയിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതുമായ മൃഗയാഗങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്ന, മാനവരാശിയുടെ സാക്ഷാലുള്ള പാപപരിഹാരയാഗം നടക്കുന്നതിനു ദൈവപുത്രനായ[3] ക്രിസ്തു ഒരു കന്യകയിൽനിന്ന് മനുഷ്യനായി ഈ ഭൂമിയിൽ അവതരിച്ചു. ഇതിന് 700 വർഷം മുമ്പ്, ഒരു കന്യകയിൽനിന്നാണ് രക്ഷിതാവായ മശിഹാ ജനിക്കുന്നത് എന്നു ദൈവത്തിന്റെ പ്രവാചകനായിരുന്ന യെശയ്യാവ് പ്രവചിച്ചിരുന്നു. ["...കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കപ്പെടും" (യെശയ്യാവ് 7:14). ഇമ്മാനുവേൽ എന്ന പേരിന്റെ അർത്ഥം ദൈവം നമ്മോടുകൂടെ എന്നാണ്]. ഈ പ്രവചനത്തിന്റെ നിവൃത്തിയായിട്ടാണ് യോസേഫുമായി വിവാഹം നിശ്ചയിക്കപ്പെട്ടിരുന്ന കന്യകയായിരുന്ന മറിയയിൽനിന്ന് യേശു (യേശു = രക്ഷിതാവ്) ഇന്നേക്ക് രണ്ടായിരത്തിൽപരം വർഷങ്ങൾക്കു മുമ്പ് ബേത്‌ലഹേം എന്ന യെഹൂദ്യപട്ടണത്തിൽ ഭൂജാതനായത്. മാനവരാശിയുടെ രക്ഷിതാവായ ദൈവപുത്രൻ ഇപ്രകാരം ഒരു കന്യകയിൽനിന്നായിരിക്കും ജനിക്കുക എന്ന സത്യം ദാർശനിക ചിന്തയിലൂടെ പ്രാചീന ഭാരതത്തിലെ ചില ഋഷിവര്യന്മാർ മനസ്സിലാക്കിയിരുന്നു. 1992 ൽ തൃശൂർ ജില്ലാമുദ്രണ പ്രസിദ്ധീകരണ സഹകരണസംഘം പ്രസിദ്ധീകരിച്ചതും കൈരളി **പ്രസ് & ബുക്സ് തൃശൂർ** വിതരണം ചെയ്തതുമായ **ഭവിഷ്യമഹാപുരാണം, ഗദ്യവിവർത്തനം** (By. ശ്രീ. കെ. ശ്രീധരവാര്യർ) 322-ാം പേജിൽ താഴെക്കാണുന്ന പ്രകാരം നാം വായിക്കുന്നു.

---

2. T. D. Job, "Suvisesha Rajyam" 4th Edition, October 1982 published by C. L S., Madras-3, p - 434.
3. ഒരു പുത്രൻ പിതാവിന്റെ രൂപഭാവങ്ങൾ എങ്ങനെ പ്രതിഫലിപ്പിക്കുന്നുവോ അങ്ങനെ അദൃശ്യനായ ദൈവത്തിന്റെ ഗുണവിശേഷങ്ങൾ ലോകത്തിനു ദൃശ്യമാക്കുന്ന ത്രിയേകദൈവത്തിലെ ആളത്വം എന്ന അർത്ഥമാണ് ദൈവപുത്രൻ എന്ന പദത്തിനുള്ളത്.

# “ക്രിസ്തു ഭഗവാൻ”

“ഒരിക്കൽ ശകരാജാവ് ഹിമാലയശൃംഗത്തിൽ ചെന്നു. അതു ഹൂണദേശമാണ്. ആ രാജ്യമദ്ധ്യത്തിൽ പർവ്വതത്തിന്മേൽ തേജസ്വിയായ ഒരു പുരുഷൻ നിൽക്കുന്നതു കണ്ടു. വെള്ള നിറമാണ്. ശുഭ്രവസ്ത്രധാരിയാണ്. മഹാബലവാനുമാണ്. അദ്ദേഹത്തോട് ശകരാജാവ് താങ്കൾ ആരാണെന്നു ചോദിച്ചു. താൻ ഒരു കുമാരിയുടെ ഗർഭത്തിൽ ജനിച്ചവനും ദൈവപുത്രനുമാണെന്നു മറുപടി പറഞ്ഞു.”

തത്ത്വചിന്തയിലൂടെ മനസ്സിലാക്കിയ ആദ്ധ്യാത്മിക സത്യങ്ങൾ കഥകളുടെ രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്ന ഗ്രന്ഥങ്ങളാണ് പുരാണങ്ങൾ എന്നു നമുക്കറിയാം. ലോകത്തിലെ തിന്മയുടെമേൽ വിജയം നേടി പാപത്തിന്റെ വാഴ്ച അവസാനിപ്പിക്കുന്നതിനുവേണ്ടി ദൈവം തന്നെ മനുഷ്യാവതാരം ചെയ്യേണ്ടതാവശ്യമാണെന്നും അപ്രകാരം ദൈവം മനുഷ്യനായി അവതരിക്കുമ്പോൾ സാധാരണവിധത്തിലായിരിക്കുകയില്ല ജനിക്കുക, പിന്നെയോ ഒരു കന്യകയിൽ നിന്നായിരിക്കും മനുഷ്യജന്മം എടുക്കുക എന്ന നിഗമനത്തിൽ ഭവിഷ്യപുരാണത്തിന്റെ എഴുത്തുകാരൻ എത്തിച്ചേർന്നിരുന്നു എന്നാണ് ഈ പുരാണത്തിന്റെ പ്രതിസർഗ്ഗ പർവ്വം തൃതീയ ഖണ്ഡം രണ്ടാമദ്ധ്യായത്തിലെ 23-ാമത്തെ ശ്ലോകം

[കോ ഭവാനിതി തം പ്രാഹ സഹോ വാച മുദാന്വിതഃ
ഈശപുത്രം ച മാം വിദ്ധി കുമാരീഗർഭസംഭവം]

തെളിയിക്കുന്നത്. ദാർശനിക ചിന്തയിലൂടെയും തപോധ്യാനത്തിലൂടെയും ഭവിഷ്യമഹാപുരാണത്തിന്റെ എഴുത്തുകാരൻ മനസ്സിലാക്കിയ സത്യം അതിന്റെ പൂർണ്ണമായ രൂപത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് ദൈവവചനമായ ബൈബിളിലാണ്. മനുഷ്യാവതാരം ചെയ്യുന്ന ദൈവപുത്രൻ എപ്രകാരം എവിടെ കന്യകയിൽനിന്നു ജനിക്കുമെന്നും ആ ദൈവപുത്രൻ മാനവരാശിയുടെ പാപപരിഹാ

രത്തിനായി എപ്രകാരം മരണം സഹിക്കുമെന്നും മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേൽക്കുമെന്നും വിവരിക്കുന്ന ബൈബിൾ പഴയനിയമത്തിലെ പ്രവചനങ്ങൾ കൃത്യമായി നിവൃത്തിയാക്കിക്കൊണ്ടാണ് യേശുക്രിസ്തു യെഹൂദ്യയിലെ ബേത്ലഹേമിൽ ജനിക്കുകയും കാൽവറിയിലെ ക്രൂശിൽ മരണം സഹിക്കുകയും കല്ലറയിൽനിന്നു മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത്. യേശു ക്രൂശിക്കപ്പെടുന്നതിന് 1000 വർഷങ്ങൾക്കു മുമ്പ് – ക്രൂശിൽ തറച്ചു പീഡിപ്പിച്ചു കുറ്റവാളികളെ കൊല്ലുന്ന സമ്പ്രദായം നിലവിലില്ലാതിരുന്ന കാലത്ത് – ബൈബിളിൽ രേഖപ്പെടുത്തപ്പെട്ട ഒരു പ്രവചനമാണ്, “അവർ എന്റെ കൈകളെയും കാലുകളെയും തുളച്ചു” (സങ്കീർത്തനം 22:16) എന്നത്. നൂറ്റാണ്ടുകൾക്കുശേഷം മാത്രം നടപ്പിൽ വരാൻ പോകുന്ന – കൈകാലുകൾ ക്രൂശിൽ തറച്ചു ഭയങ്കരമായി വേദനിപ്പിച്ചു കൊല്ലുന്ന വധശിക്ഷാരീതി – പ്രവചനാത്മാവിൽ കണ്ടുകൊണ്ട് ആ സമ്പ്രദായം അനുസരിച്ചായിരിക്കും യേശുക്രിസ്തു മരണം സഹിക്കുക എന്നു ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടതിൽനിന്നു നാം എന്താണു മനസ്സിലാക്കേണ്ടത്? മാനവരാശിയുടെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരം ചെയ്യുകയും പാപപരിഹാരയാഗമായി സ്വയം അർപ്പിക്കുകയും ചെയ്ത ദൈവപുത്രനെക്കുറിച്ചുള്ള സത്യവും പൂർണ്ണവുമായ വിവരണം നൽകുന്ന ഏകഗ്രന്ഥം ബൈബിൾ ആണെന്നല്ലേ? അതു തന്നെയാണു സത്യം. അതിനാൽ യേശുക്രിസ്തു മാനവരാശിയുടെ പാപപരിഹാരത്തിനുവേണ്ടി സഹിച്ച ക്രൂശുമരണത്തെക്കുറിച്ചും പാപപരിഹാരം വരുത്തിക്കൊണ്ടു മരണത്തെ ജയിച്ചു മൂന്നാം നാൾ കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റതിനെക്കുറിച്ചും തന്നിൽ വിശ്വാസമർപ്പിക്കുന്നവർക്കു സൗജന്യമായി ലഭിക്കുന്ന ആത്മരക്ഷയെക്കുറിച്ചും വിവരിച്ചിരിക്കുന്ന ബൈബിളിലെ ആശയങ്ങൾ നാം മനസ്സിലാക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടതു വളരെ ആവശ്യമാണ്.

ബൈബിൾ പുതിയനിയമത്തിലെ ആദ്യപുസ്തകങ്ങളായ നാലു സുവിശേഷങ്ങളുടെയും ആരംഭഭാഗങ്ങളിൽ ദൈവപുത്രനായ യേശുക്രിസ്തു ഭൂമിയിൽ മനുഷ്യനായി അവതരിച്ചതിന്റെയും അനേകം രോഗികൾക്ക് അത്ഭുത സൗഖ്യം നൽകിയും മരിച്ച ചിലരെ ഉയിർത്തെഴുന്നേൽപ്പിച്ചും, താൻ ജീവന്റെമേലും മരണത്തിന്റെമേലും അധികാരമുള്ള സത്യദൈവമാണെന്നു തെളിയിച്ചതിന്റെയും വിവരണം നാം കാണുന്നു. ഈ സുവിശേഷങ്ങളുടെ ഒടുവിലത്തെ അദ്ധ്യായങ്ങളിൽ യേശുക്രിസ്തു ക്രൂശിൽ മരണം സഹിച്ചതും കല്ലറയിൽ അടക്കപ്പെട്ടതും റോമാഗവൺമെന്റിന്റെ പട്ടാളക്കാർ കല്ലറയ്ക്കു കാവൽ നിന്നതും മൂന്നാംനാൾ യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതും സ്വർഗ്ഗാരോഹണം ചെയ്തതും എല്ലാം വിവരിച്ചിരിക്കുന്നു. നാലു സുവിശേഷങ്ങൾക്കുശേഷം നാം കാണുന്ന പുസ്തകങ്ങളിൽ യേശുക്രിസ്തു ഭൂമിയിൽ സ്ഥാപിച്ച സഭയെക്കുറിച്ചും അതിന്റെ ഉപദേശങ്ങളെക്കുറിച്ചും അതിന്  ഒന്നാം നൂറ്റാണ്ടിലുണ്ടായ വളർച്ചയെക്കുറിച്ചും ഈ സഭയെ സ്വർഗ്ഗത്തിലേക്ക് എടുത്തുകൊണ്ടുപോകുന്നതിനായി യേശുക്രിസ്തു ഭൂമിയിലേക്കു വീണ്ടും വരുന്നതിനെക്കുറിച്ചും തന്നിൽ വിശ്വസിക്കാൻ തയ്യാറാകാത്തവർ പാപത്തിന്റെ നിത്യശിക്ഷാവിധിക്ക് ഇരയായിത്തീരുന്നതിനെക്കുറിച്ചും പ്രസ്താവിച്ചിരിക്കുന്നു. ഈ കാര്യങ്ങൾ ഏതൊരു മനുഷ്യനെ സംബന്ധിച്ചിടത്തോളവും ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളായതിനാൽ ബൈബിൾ പുതിയനിയമം വായിക്കുകയും മനസ്സിലാക്കുകയും ചെയ്യുക എന്നതാണ് ഒരാളിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ആവശ്യമായിരിക്കുന്നത്. ബൈബിളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന മറ്റു ചില പ്രധാനപ്പെട്ട സത്യങ്ങൾ എന്തൊക്കെയാണെന്ന് ഇനി ചൂണ്ടിക്കാണിക്കുകയാണ്.

നന്മമാത്രം ചെയ്യുകയും ആർക്കും ഒരു തിന്മയും ചെയ്യാതിരിക്കുകയും ചെയ്ത യേശുവിനെ കൊല്ലണ

മെന്നു റോമൻ ഗവർണ്ണറായിരുന്ന പീലാത്തോസിനോടു യെഹൂദന്മാർ ആവശ്യപ്പെട്ടതും - ആ ആവശ്യം പീലാത്തോസ് അംഗീകരിച്ച് യേശുവിനെ ക്രൂശുമരണത്തിന് ഏല്പിച്ചുകൊടുത്തതും - യേശു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റതും എല്ലാം പഴയനിയമത്തിലെ പ്രവചനങ്ങളുടെ നിവൃത്തിയായിട്ടായിരുന്നു; ദൈവം അഖിലാണ്ഡത്തെ സൃഷ്ടിക്കുന്നതിനുമുമ്പു തന്നെ നിർണ്ണയിക്കപ്പെട്ട കാര്യങ്ങളായിരുന്നു ഇവയെല്ലാമെന്ന് എഫെസ്യർ 1:4–6 വരെ വാക്യങ്ങൾ വ്യക്തമാക്കുന്നു. "നാം തന്റെ (ദൈവത്തിന്റെ) സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിനു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ (യേശുക്രിസ്തുവിൽ) തിരഞ്ഞെടുക്കയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു അവൻ പ്രിയനായവനിൽ നമുക്കു സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻ നിയമിക്കയും ചെയ്തുവല്ലോ" എന്നാണ് ഈ വേദഭാഗത്തു നാം വായിക്കുന്നത്. ക്രൂശിൽ മരണം സഹിക്കയും കല്ലറയിൽ അടക്കപ്പെടുകയും ചെയ്ത യേശുക്രിസ്തു മൂന്നാം ദിവസം കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേറ്റു പുറത്തു വന്നു എന്നും അതിനുശേഷം ദൈവത്തിന്റെ ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നു കല്ലറവായ്ക്കൽ വച്ചിരുന്ന വലിയ കല്ല് ഉരുട്ടി നീക്കി അതിന്മേൽ ഇരുന്നുവെന്നും കല്ലറ കാണാൻ അതിരാവിലെ വന്നവരോടു യേശുവിന്റെ ഉയിർത്തെഴുന്നേൽപിന്റെ വിവരം പറഞ്ഞുവെന്നും ഒഴിഞ്ഞുകിടന്ന കല്ലറ ചൂണ്ടിക്കാണിച്ചുകൊണ്ട് ആ സത്യം അവർക്കു ബോധ്യമാക്കിക്കൊടുത്തുവെന്നും മത്തായി 28:1–7 വരെ വാക്യങ്ങളിൽ നാം വായിക്കുന്നു. തന്റെ ശിഷ്യന്മാർക്കും മറ്റനേകർക്കും പ്രത്യക്ഷനാകയും തന്നിലുള്ള വിശ്വാസംമൂലം ലഭ്യമാകുന്ന പാപമോചനത്തിന്റെയും നിത്യരക്ഷയുടെയും സന്ദേശം സകല മാനവജാതിയെയും അറിയിക്കുവാൻ കല്പന കൊടുക്കു

കയും ചെയ്തശേഷമാണ് യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തത് (മത്തായി 28:7–20). ബൈബിൾ പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ കാര്യങ്ങൾ തെളിയിക്കുന്നതു പാപിയും അശുദ്ധനുമായ മനുഷ്യനു സത്യത്തിന്റെയും നീതിയുടെയും പരിപൂർണ്ണ വിശുദ്ധിയുടെയും ഉറവിടമായ ദൈവത്തിന്റെ സന്നിധിയിലെത്തുവാൻ യോഗ്യത നൽകുന്ന തോണി യേശുക്രിസ്തുവിന്റെ പാപപരിഹാരയാഗമല്ലാതെ മറ്റൊന്നുമല്ല എന്നാണ്. ഈ തോണിയിൽ കയറുന്ന ഏവനും സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയായിത്തീരും; കയറാത്തവൻ തന്റെ പാപപ്രവൃത്തികൾക്കനുസൃതമായ നിത്യശിക്ഷാവിധിക്കു വിധേയനാകയും ചെയ്യും. ആകാശവും ഭൂമിയും മാറ്റപ്പെട്ടു കഴിഞ്ഞാലും മാറ്റം വരാതെ നിലകൊള്ളുന്ന ദൈവവചനത്തിലെ സത്യമാണിത്. "തന്റെ (ദൈവത്തിന്റെ) അതുല്യനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16) എന്നും "യേശുവിനെ കർത്താവ് എന്നു വായ്കൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും" (റോമർ 10:9). എന്നും വചനം പറയുന്നു. പുരാതനകാലത്തു ജീവിച്ചിരുന്ന ദാർശനികജ്ഞാനികൾക്കു വ്യക്തമായി മനസ്സിലാക്കുവാൻ കഴിയാതിരുന്ന യഥാർത്ഥ പാപപരിഹാരമാർഗ്ഗം ഈ ലഘുഗ്രന്ഥം വായിക്കുന്ന നിങ്ങൾക്കു മനസ്സിലാക്കാൻ അവസരം ലഭിച്ചിരിക്കയാണ്. പാപത്തിന്റെ അശുദ്ധി ആത്മാവിൽനിന്നു നീക്കിക്കളയുന്ന ദൈവവചനമാകുന്ന വെള്ളവും ദൈവത്തിന്റെ പരിശുദ്ധാത്മാവും മുഖേനയുള്ള രണ്ടാമത്തെ ജനനം പ്രാപിച്ചു യഥാർത്ഥത്തിലുള്ള ദ്വിജൻ ആയിത്തീരുവാൻ നിങ്ങൾക്കു കഴിയും. മേൽ വിവരിച്ച സത്യങ്ങൾ വിശ്വസിച്ചുകൊണ്ടു നിങ്ങളുടെ പാപമോചനത്തിനായി ദൈവത്തോട് ആത്മാർത്ഥമായി ഇപ്രകാരം പ്രാർത്ഥി

ക്കുക: "കർത്താവായ യേശുവേ, ഞാൻ പാപിയാണെന്നു സമ്മതിക്കുന്നു; എന്റെ സകല പാപങ്ങളുടെയും പരിഹാരത്തിനായി അവിടുന്ന് ഈ ഭൂമിയിൽ മനുഷ്യനായി അവതരിക്കുകയും ക്രൂശിൽ മരണം സഹിച്ച് എന്റെ സകല പാപത്തിനും പരിഹാരം വരുത്തുകയും ചെയ്തു എന്നു ഞാൻ വിശ്വസിക്കുന്നു; മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്ത അങ്ങയെ എന്റെ രക്ഷിതാവും ജീവിതനായകനുമായി (കർത്താവുമായി) ഞാൻ സ്വീകരിക്കുന്നു. അവിടുന്ന് എന്റെ ഹൃദയത്തിലേക്കു വരേണമേ, എന്നെ രക്ഷിക്കേണമേ, രക്ഷിച്ചതിനായി സ്തോത്രം." യേശുമൂലമുള്ള പാപപരിഹാരവും നിത്യരക്ഷയും ലഭിക്കുന്നതിന് ഈ വാക്കുകൾതന്നെ കൃത്യമായി ഉപയോഗിച്ചുകൊണ്ടുവേണം പ്രാർത്ഥിക്കാനെന്നു വചനത്തിൽ വ്യവസ്ഥയില്ല. ഈ വാക്കുകളിലെ ആശയങ്ങൾ നിങ്ങളുടെ ഹൃദയത്തിൽനിന്നു വാസ്തവമായി ദൈവസന്നിധിയിലേക്കുയരണം എന്നു മാത്രമാണു വ്യവസ്ഥ. ഇവയിൽനിന്നു വ്യത്യസ്തമായ നിങ്ങളുടെ സ്വന്തം വാക്കുകളുപയോഗിച്ചാണ് യേശുവിലുള്ള വിശ്വാസം ദൈവത്തോട് ഏറ്റുപറയുന്നതെങ്കിൽ അതിൽ യാതൊരു തെറ്റുമില്ല; സ്വന്തമായ വാക്കുകളുപയോഗിച്ച് യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു പാപമോചനത്തിനായി ദൈവസന്നിധിയിൽ എങ്ങനെയാണു പ്രാർത്ഥിക്കേണ്ടതെന്നു നിശ്ചയമില്ലെങ്കിൽ മുകളിൽ തന്നിട്ടുള്ള പ്രാർത്ഥനാവാചകങ്ങൾ നോക്കി വായിച്ച് അവ നിങ്ങളുടെ സ്വന്തമാക്കി നിങ്ങളുടെ ഹൃദയത്തിൽനിന്ന് ആത്മാർത്ഥതയോടെ ആ വാക്കുകൾ തന്നെ ദൈവത്തോടു പറയുക. അവയെ നിങ്ങളുടെ സ്വന്തം വാക്കുകളായി ദൈവം സ്വീകരിക്കും. "അവനെ (യേശുവിനെ) കൈക്കൊണ്ടു (രക്ഷിതാവും ജീവിതനാഥനുമായി സ്വീകരിച്ച്) അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളായിത്തീരുവാൻ അവൻ അധികാരം കൊടുത്തു" (യോഹ. 1:12) എന്ന വചനപ്രകാരം യേശുവിലുള്ള വിശ്വാസം മേൽപറഞ്ഞവിധം ദൈവസന്നിധിയിൽ നിങ്ങൾ ഏറ്റു

പറഞ്ഞു പ്രാർത്ഥിച്ചുവോ? എങ്കിൽ നിങ്ങൾ ദൈവത്തിൽനിന്നു പുതുതായി ജനനം പ്രാപിച്ച ഒരു പുതിയ മനുഷ്യനായിത്തീർന്നു കഴിഞ്ഞിരിക്കുന്നു. ഒന്നാമത്തെ ശാരീരിക ജനനത്തെത്തുടർന്ന് ഈശ്വരനിൽനിന്നുള്ള രണ്ടാമത്തെ ആദ്ധ്യാത്മികജനനം നിങ്ങൾക്കുണ്ടായിരിക്കുന്നതിനാൽ നിങ്ങൾ യഥാർത്ഥത്തിലുള്ള ദ്വിജൻ ആയിത്തീർന്നിരിക്കയാണ്. ദൈവമകൻ (മകൾ) എന്നുള്ള ഒരു മനുഷ്യനു ലഭിക്കാവുന്നതിൽവച്ചേറ്റവും വലിയ പദവി നിങ്ങൾക്കു ലഭിച്ചിരിക്കുന്നു; പാപത്തിന്റെ നിത്യശിക്ഷാവിധിയിൽനിന്നു വിടുവിക്കപ്പെട്ടു നിത്യജീവൻ ലഭിച്ചു സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയായിത്തീർന്നിരിക്കുന്നു. ഇനി നിങ്ങളുടെ ഏതൊരാവശ്യവും നിങ്ങളുടെ സ്വന്തം പിതാവായിത്തീർന്നിരിക്കുന്ന സർവ്വശക്തനും സ്നേഹവാനുമായ ദൈവത്തിന്റെ മുമ്പാകെ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥനയിലൂടെ സമർപ്പിക്കാൻ സാധിക്കും. ദൈവം ആ അപേക്ഷകൾ സ്വീകരിച്ചു വാസ്തവത്തിൽ നിങ്ങളുടെ നന്മയ്ക്കുതകുന്ന വിധത്തിൽ ഉത്തരമരുളും എന്നാണു വചനത്തിൽ നാം വായിക്കുന്നത്. മാത്രമല്ല, ഒരു പുതിയ സ്വഭാവമുള്ള വ്യക്തിയായി ജീവിക്കുന്നതിനാവശ്യമായ കഴിവും കൃപയും നിങ്ങളുടെ ഹൃദയത്തിൽ വാസം ചെയ്യാനാരംഭിച്ചിരിക്കുന്ന ദൈവാത്മാവിൽനിന്നും ദൈവവചനത്തിൽനിന്നും നിങ്ങൾക്കു ലഭിക്കുകയും ചെയ്യും. അതിനായി ദൈവവചനം (ബൈബിൾ) ശ്രദ്ധിച്ചു വായിച്ചു ധ്യാനിക്കുകയും അതു ശരിയായി ഗ്രഹിപ്പിക്കേണമേ എന്നു ദൈവത്തോടു പ്രാർത്ഥിക്കയും ചെയ്യുക. പാപത്തിന്റെ സാന്നിദ്ധ്യവും വശീകരണവുമുള്ള ഈ ലോകത്തിൽ അതിനു കീഴ്പ്പെടാതെ ദൈവേഷ്ടപ്രകാരം സൽപ്രവൃത്തികൾ ചെയ്തുകൊണ്ടു ജീവിക്കാൻ കൃപ നൽകണമേ എന്നു പ്രാർത്ഥിക്കയും ആ അപേക്ഷ ദൈവം സ്വീകരിച്ചുവെന്നു വിശ്വസിച്ചുകൊണ്ട് അതിനായി സ്തോത്രം ചെയ്യുകയും (നന്ദിപറയുകയും) ചെയ്താൽ ദൈവം നിങ്ങളുടെ പ്രാർത്ഥനയ്ക്കു തീർച്ചയായും ഉത്തരമരുളും;[4] നിങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചു തരും.

യോഹ 1:13 ൽ പറഞ്ഞിരിക്കുന്നതിൻപ്രകാരം നിങ്ങൾ ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നതിനാൽ ഒരു പുതിയ മനുഷ്യനായി ഈ ലോകത്തിൽ ജീവിക്കാൻ നിങ്ങൾക്കു സാധിക്കും. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു" (2 കൊരിന്ത്യർ 5:17) എന്നും "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു (എഫെ. 2:10) എന്നും വചനത്തിൽ പറഞ്ഞിരിക്കുന്നു. യഥാർത്ഥത്തിലുള്ള ദ്വിജൻ ആയിത്തീരുവാനും പാപപരിഹാരവും നിത്യരക്ഷയും ലഭിക്കുവാനും എന്തു ചെയ്യണമെന്നു മറ്റനേകർക്കു പറഞ്ഞുകൊടുത്ത് അവരെ രക്ഷയിലേക്കു നടത്തുവാനും ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ. [നിങ്ങൾ ക്രിസ്തീയ സമുദായത്തിലുൾപ്പെട്ടു നിൽക്കുന്ന ഒരു വ്യക്തിയാണെങ്കിലും മുകളിൽ ചൂണ്ടിക്കാണിച്ചവിധം അനുതാപത്തോടെ പാപമോചനത്തിനായി യേശുവിനെ നിങ്ങളുടെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചുകൊണ്ടു ദൈവത്തോടു പ്രാർത്ഥിച്ചിട്ടില്ല എങ്കിൽ നിങ്ങളുടെ ഓഹരി നിത്യശിക്ഷാവിധി തന്നെയാണെന്നോർക്കുക. മാമോദീസാമൂലം പാപമോചനം ലഭിക്കുമെന്നോ കുർബ്ബാന കൈക്കൊണ്ടാൽ രക്ഷ ലഭിക്കുമെന്നോ മറ്റോ ആണു നിങ്ങൾ ചിന്തിക്കുന്നതെങ്കിൽ അതു വെറും തെറ്റിദ്ധാരണയാണെന്നു മനസ്സിലാക്കുക; അങ്ങനെയുള്ള ചിന്താഗതികൾക്കു ദൈവവചനത്തിൽ യാതൊരടിസ്ഥാനവുമില്ല; ക്രിസ്തീയ സ്നാനവും (മാമോദീസ) തിരുവത്താഴ ശുശ്രൂഷയും (കുർബാന) ഒക്കെ ദൈവത്തിൽനിന്നുള്ള പുതുജനനം വിശ്വാസത്താൽ പ്രാപിച്ചതിനുശേഷം അനുസരിക്കേണ്ട കല്പനകളാണ്.] യേശുവിൽ വിശ്വസിക്കുന്നവനു ന്യായവിധി ഇല്ല എന്നും വിശ്വസിക്കാത്തവന്റെ

4. "ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും യേശുക്രിസ്തുവിൽ കാക്കും" (ഫിലിപ്യർ 4:6–7).

മേൽ ന്യായവിധി വന്നു കഴിഞ്ഞു എന്നുമാണ് (യോഹ. 3:18) വചനത്തിലെ പ്രമാണം. ദൈവമുമ്പാകെ നാം നീതീകരിക്കപ്പെട്ടു ഹൃദയസമാധാനമുള്ളവരായിത്തീരുന്നതു യേശുവിലുള്ള വിശ്വാസത്താലാണ്, യാതൊരു കർമ്മത്താലുമല്ല എന്നു റോമർ 5:1; എഫെ. 2:8-9 എന്നീ വചനഭാഗങ്ങളിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങൾ ഇതുവരെ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ തെറ്റിദ്ധാരണകളുപേക്ഷിച്ചു ഹൃദയശുദ്ധീകരണത്തിന്റെയും രക്ഷയുടെയും യഥാർത്ഥ മാർഗ്ഗം മനസ്സിലാക്കി ദൈവവചനപ്രകാരം ഈ ചെറുപുസ്തകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ പ്രാർത്ഥിച്ച് യേശുവിനു നിങ്ങളുടെ ഹൃദയത്തിൽ പ്രവേശനം നൽകുക; ക്രൂശിൽ നിങ്ങൾക്കുവേണ്ടി ജീവൻ ബലിയർപ്പിച്ചു നിങ്ങളുടെ പാപത്തിനു പരിഹാരം വരുത്തിയശേഷം മരണത്തെ ജയിച്ചുയിർത്തെഴുന്നേറ്റവനും ഇനി രാജാധിരാജാവും കർത്താധികർത്താവുമായി ഭൂമിയിലേക്കു വരുന്നവനുമായ യേശുക്രിസ്തുവിന്റെ സ്നേഹം നിങ്ങൾ സ്വീകരിക്കുക; അങ്ങനെ ദൈവത്തിൽനിന്നു പുതുജനനം പ്രാപിച്ച ഒരു യഥാർത്ഥ ദ്വിജൻ ദൈവമകൻ (മകൾ) ആയിത്തീരുക; അതിനു ദൈവം നിങ്ങൾക്കു കൃപ നൽകട്ടെ.

## ഭാവിയിൽ സംഭവിക്കുന്നത്

യേശുക്രിസ്തു വീണ്ടും വരുമ്പോൾ തന്നിൽ വിശ്വസിച്ചു പാപമോചനവും നിത്യജീവനും പ്രാപിച്ച തന്റെ ജനം തന്റെ സന്നിധിയിലേക്കു ചേർത്തുകൊള്ളപ്പെടും; യേശുവിൽ വിശ്വസിച്ചശേഷം മരിച്ചുപോയവർ ഉയിർത്തെഴുന്നേറ്റും ജീവനോടിരിക്കുന്നവർ രൂപാന്തരപ്പെട്ടു പുതിയ ശരീരം പ്രാപിച്ചും ആകാശമേഘങ്ങളിൽ യേശുവിനെ എതിരേല്ക്കും. യേശുമൂലമുള്ള പാപപരിഹാരം ലഭിക്കാതെ മരിച്ചവരും അതു സ്വീകരിക്കാതെ ജീവിച്ചിരിക്കുന്നവരും നിത്യ ശിക്ഷിവിധിക്കിരയാകും; അവർ തീപ്പൊയ്കയിലേക്കു തള്ളപ്പെടും. ഈ സത്യങ്ങൾ പുതിയ നിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട് (അപ്പൊ

സ്തലപ്രവൃത്തി 1:9-11; 1 കൊരിന്ത്യർ 15:51-58; വെളിപ്പാട് 20:11-15). നിങ്ങൾ ഇതിൽ ഏതു കൂട്ടത്തിലായിരിക്കും? ചിന്തിക്കുക: "ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ (ആത്മാവിനെ) കളകയും ചെയ്താൽ അവന് എന്തു പ്രയോജനം?" എന്നാണു യേശുക്രിസ്തു ചോദിച്ചത്. നിങ്ങളുടെ ആത്മാവിന്റെ രക്ഷ കരസ്ഥമാക്കുവാനുള്ള ഈ നല്ല അവസരം നഷ്ടപ്പെടുത്താതെ പ്രയോജനപ്പെടുത്തുക.

യേശുവിനെ രക്ഷിതാവും കർത്താവുമായി ഹൃദയത്തിൽ സ്വീകരിക്കുകയും ദൈവമുമ്പാകെ നിങ്ങളുടെ വിശ്വാസം ഏറ്റുപറകയും ചെയ്തു നിങ്ങൾ വാസ്തവമായി ഒരു ദ്വിജൻ (ദൈവത്തിൽനിന്നുള്ള രണ്ടാമത്തെ ജനനം പ്രാപിച്ച വ്യക്തി) ആയിത്തീർന്നിരിക്കുന്നുവെങ്കിൽ അക്കാര്യം ഞങ്ങളെ എഴുതി അറിയിക്കുക. അപ്പോൾ എങ്ങനെയാണു ദൈവത്തോടു വളരെ അടുത്ത ബന്ധം പുലർത്തിക്കൊണ്ടു സന്തോഷത്തോടും സമാധാനത്തോടുംകൂടെ ജീവിക്കാനും മറ്റുള്ളവരെ യേശുക്രിസ്തുവിന്റെ രക്ഷയിലേക്കു നയിക്കാനും സാധിക്കുന്നതെന്നു വിശദീകരിക്കുന്ന ഒരു ലഘുഗ്രന്ഥം സൗജന്യമായി അയച്ചുതരുന്നതാണ്. തപാൽമാർഗ്ഗം നടത്തപ്പെടുന്ന **''അത്ഭുതപ്രകാശത്തിലേക്ക്''** എന്ന പേരിലുള്ള സൗജന്യവേദപഠന കോഴ്സിൽ ചേരാനാഗ്രഹിക്കുന്നെങ്കിൽ അക്കാര്യം അറിയിക്കുക. ദൈവവചനപ്രകാരം ജീവിക്കുന്നതിന് ആഗ്രഹിക്കുന്നു എന്നുള്ള വിവരം ഞങ്ങളെ അറിയിച്ചാൽ നിങ്ങളുടെ ആത്മികജീവിതപുരോഗതിക്കു സഹായകരമായ മാർഗ്ഗനിർദ്ദേശങ്ങൾ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടേണ്ട വിലാസം:-

**ബൈബിൾ സ്റ്റഡി സെന്റർ**
സന്തോഷ് നഗർ, പി. ബി. 14
മണ്ണുത്തി പി. ഒ., തൃശൂർ - 680 651
ഫോൺ: 0487 2371573, 8547371573